ശ്രീ. കെ. ടി. ജേക്കബ്: അതിനെപ്പറ്റി പരിശോധിക്കാം.

ശ്രീ. കെ. സി: വാമദേവൻ: നഗരങ്ങളിൽ വർഷങ്ങളായി കുടിയേറി താമസിക്കുന്ന ആളുകളും ഉണ്ട്. ഇങ്ങിനെ താമസിക്കുന്നവർക്ക് അവർ താമസിക്കുന്ന സ്ഥലം പതിച്ചുകൊടുക്കാൻ നിയമപരമായി എന്തെങ്കിലും വിഷമം ഉണ്ടെങ്കിൽ അതു പരിഹരിച്ച് ആ ഭൂമികളും പതിച്ചു കൊടുക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുമോ?

ശ്രീ. കെ. ടി. ജേക്കബ്: പരിശോധിക്കാം.

ശ്രീ. വി. കുട്ടിക്കൃഷ്ണൻനായർ: ഭൂമി പതിച്ചുകൊടുക്കുമ്പോൾ പട്ടാളസേവനം നടത്തിയിട്ടുള്ളവർക്ക് ഒരു നിശ്ചിതശതമാനം നീക്കിവയ്ക്കാനുള്ള തീരുമാനം എടുത്തിട്ടുണ്ടോ? കേന്ദ്രഗവൺമെന്റിൽനിന്നും വല്ല നിർദ്ദേശവും ഇക്കാര്യത്തിൽ തന്നിട്ടുണ്ടോ? ഉണ്ടെങ്കിലും ഇല്ലെങ്കിലും ഭൂമി വിതരണം നടത്തുമ്പോൾ ഒരു നിശ്ചിത ശതമാനം ഇത്തരം ആളുകൾക്ക് പതിച്ചു കൊടുക്കാനുള്ള നടപടികളും സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. ടി. ജേക്കബ്: പരിശോധിക്കാം.

ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള: വനഭൂമി വളരെ കുറച്ചു മാത്രമേ റവന്യൂവിലേക്കു വിട്ടു കിട്ടിയിട്ടുള്ളു. വളരെ വേഗം കൂടുതൽ ഭൂമി റവന്യൂവിലേക്കു കിട്ടുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ്?

ശ്രീ. കെ. ടി. ജേക്കബ്: വനഭൂമിയിൽ ഇനിയും എടുക്കാവുന്നത് ചതുപ്പുനിലങ്ങളും കൃഷിയോഗ്യമായ സ്ഥലങ്ങളുമുണ്ട്. ഇങ്ങനെയുള്ള ഭൂമികളും എടുക്കുന്നതിനുള്ള നടപടികളും നടത്തിക്കൊണ്ടിരിക്കുകയാണ്. എത്രയും വേഗം എടുക്കുന്നതിനുള്ള നടപടികളും ഏറ്റവും വേഗം നടത്തിക്കൊണ്ടിരിക്കുകയാണ്.

WRITTEN ANSWERS

മന്ത്രിമാരുടെ പ്രസ്താവനകൾ

* 137. (484) ശ്രീ. ടി. കെ. രാമകൃഷ്ണൻ:
,, വി. വി. കുഞ്ഞാമ്പു:
,, ആർ. കൃഷ്ണൻ (പാലക്കാട്):
,, എം. കെ. എ. ഹമീദ്:
,, ഇ. കെ. ഇമ്പിച്ചിബാവ:
,, വി. വി. ദക്ഷിണാമൂർത്തി:
,, വി. ശ്രീധരൻ:
,, എം. കെ. കേളു:
,, എൻ. വാസുദേവൻപിള്ള: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

1967—ൽ രൂപീകരിച്ച ഐക്യമുന്നണിയുടെ തുടർച്ചയാണ് പുതിയ മുന്നണിയെന്നു മുഖ്യമന്ത്രിയും, 1959—60—ൽ രൂപംപൂണ്ട കമ്മ്യൂണിസ്റ്റു വിരുദ്ധ മുന്നണിയുടെ തുടർച്ചയാണ് പുതിയ മുന്നണിയെന്ന് ആരോഗ്യ വകുപ്പുമന്ത്രിയും യഥാക്രമം 1969 നവംബർ രണ്ടാംതീയതിയും നാലാം

LIBRARY ARCHIVES Kerala Legislative Assembly

തീയതിയും ഹിന്ദുസ്ഥാൻ സ്റ്റാൻഡേർഡ് മുഖേന ചെയ്ത പ്രസ്താവനയെക്കുറിച്ചു ഗവൺമെൻറിൻെറ പ്രതികരണം വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. സി. അച്ചുതമേനോൻ):

ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധ 15–1–1970–ലെ 63–ാം നമ്പർ (Starred) ചോദ്യത്തിൻെറ ഉത്തരത്തിലേക്കു ക്ഷണിച്ചുകൊള്ളുന്നു.

ബഹുമാനപ്പെട്ട മന്ത്രി എൻ.കെ. ശേഷൻെറ രാജി

* 138. (499) ശ്രീ. എ. കെ. അപ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുമാനപ്പെട്ട മന്ത്രി എൻ. കെ. ശേഷൻ രാജി വയ്ക്കണമെന്ന് ഐ. എസ്. പി. കക്ഷി നേതാവു മുഖ്യമന്ത്രിയോടു ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരമുള്ള ആവശ്യം ഉന്നയിക്കാൻ വല്ല കാരണവും കാണിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. അച്ചുതമേനോൻ):

(എ) ഇല്ല.

(ബി) ഉദിയ്ക്കുന്നില്ല.

CALLING ATTENTOIN UNDER RULE 61

മി. സ്പീക്കർ: റൂൾ 61 അനുസരിച്ചും അഡ്ജോൺമെൻറ് മോഷനായിട്ടും വളരെയധികം നോട്ടീസ് ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. അതൊന്നും എടുക്കുന്നില്ല. പക്ഷേ അതെല്ലാം ഗവൺമെൻറിൻെറ ശ്രദ്ധയിലേക്ക് വിടുന്നതാണ്.

9 a. m.]

കേരളത്തിലെ പതിനായിരത്തോളം വരുന്ന സർക്കാർ ആശുപത്രി ജീവനക്കാരായ അറൻറർ, നേഴ്സിംഗ് അസിസ്റ്റൻറ്, ഹോസ്പ്പിറൽ അറൻറർ തുടങ്ങിയവർ ഗവൺമെൻറ് ഹോസ്പിറൽ വർക്കേഴ്സ് യൂണിയൻെറ ആഭിമുഖ്യത്തിൽ നടത്തിവരുന്ന നിരാഹാര സത്യഗ്രഹത്തിലേക്കും അവരുടെ പ്രശ്നങ്ങളിലേക്കും ഗവൺമെൻറിൻെറ ശ്രദ്ധ ക്ഷണിക്കുന്നതിന് ശ്രീ. വി. വി. ദക്ഷിണാമൂർത്തി റൂൾ 61 അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

പാലക്കാടു വിക്ടോറിയാ കാളേജിനടുത്തുള്ള ചുണ്ണാമ്പുകരതെരുവിനടുത്തുവച്ച് ഇന്നലെ രാത്രി ഏഴുമണിക്ക് വിക്ടോറിയാ കാളേജിലെ ഒരു ലോവർഗ്രേഡ് ജീവനക്കാരനും ലോവർഗ്രേഡ് യൂണിയൻെറ നേതാവുമായ ശ്രീ. ഭാസ്കരനെ ഒരു സംഘം ആക്രമികൾ ആക്രമിക്കുകയും കഠാരികൊണ്ടു കുത്തിക്കൊല്ലുകയുംചെയ്ത സംഭവം ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ശ്രീ. പി. പി. കൃഷ്ണൻ, ആർ. കൃഷ്ണൻ (പാലക്കാട്) എന്നിവർ നോട്ടീസ് നൽകിയിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ പഴയങ്ങാടി–വളപട്ടണം പുഴയിൽനിന്ന് കുറേനാളായി മൽസ്യംപിടിച്ചു ഉപജീവനം നടത്തിവരുന്ന 60–ൽ പരം മൽസ്യത്തൊഴിലാളികുടുംബങ്ങളുടെ ജോലി തടയപ്പെട്ടതു കാരണം ഉളവായിരിക്കുന്ന ഗുരുതരാവസ്ഥയെ ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ശ്രീ. ഈ. പി. കൃഷ്ണൻ നമ്പ്യാർ, ശ്രീ. കെ. പി. രാഘവപ്പൊതുവാൾ എന്നിവർ ഒരു നോട്ടീസു നൽകിയിട്ടുണ്ട്. ഇതെല്ലാം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly